# PETALS

## of Malankara

HAPPY New Year



2026

**150230+**
Happy Members

**17350+**
Depositors

**73785+**
Loanees

Vol: 49 | Issue: January 2026

# MALANKARA CREDIT SOCIETY LTD

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com customercare@mmsccs.com Toll-free: 1800 313 1223



(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Group


## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence


Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Malankara Credit Society Ltd**




**Editorial Board**

**Chief Editor**
**Mr. Jisso Baby**
Chairman

**Sub Editor**
**Mrs.Mariyama Pious**
Vice Chairperson

**Vijay Sebastian**
**Printo C J**
**Amalu P S**
**Vishnu Prakash**
**Digin Kumar**

**Design & Layout**
**Adham Antony**






# MESSAGE

**ലോകത്തിലെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയപ്പെട്ട മെമ്പർമാരെ,

നമ്മുടെ സൊസൈറ്റിയിലെ അംഗങ്ങളുടെ സാമ്പത്തിക പുരോഗതി ലക്ഷ്യമിട്ടാണ് നാം ഓരോ പുതിയ പദ്ധതിയും ആവിഷ്കരിക്കുന്നത്. ഇതിന്റെ ഭാഗമായി, അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനായി നമ്മുടെ റെക്കറിംഗ് ഡെപ്പോസിറ്റ് (**Recurring Deposit - RD**) പദ്ധതി കൂടുതൽ സജീവമാക്കാൻ നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. ഓരോ മാസവും ചെറിയ തുകകൾ മാറ്റിവെച്ചുകൊണ്ട് ഭാവിയിലേക്കായി ഒരു വലിയ തുക സമ്പാദിക്കാൻ ഈ പദ്ധതി എല്ലാ മെമ്പർമാരെയും സഹായിക്കും.

നിക്ഷേപം കൂടുതൽ എളുപ്പമാക്കുന്നതിനായി മലങ്കര മെമ്പർ ആപ്പ് വഴി ഇപ്പോൾ റെക്കറിംഗ് ഡെപ്പോസിറ്റ് ആരംഭിക്കാവുന്നതാണ്. നിങ്ങൾ നിശ്ചയിക്കുന്ന തുക ഓരോ മാസവും കൃത്യസമയത്ത് നിങ്ങളുടെ സേവിങ്സ് അക്കൗണ്ടിൽ നിന്നും തനിയെ (**Auto-deduct**) നിക്ഷേപത്തിലേക്ക് മാറുന്നതിനുള്ള സൗകര്യവും ഇതിലുണ്ട്. ഇത് ഓഫീസ് സന്ദർശിക്കാതെ തന്നെ മുടങ്ങാതെ സമ്പാദിക്കാൻ നിങ്ങളെ സഹായിക്കുന്നു.

റെക്കറിംഗ് ഡെപ്പോസിറ്റിന് ആകർഷകമായ പലിശ നിരക്കാണ് സൊസൈറ്റി വാഗ്ദാനം ചെയ്യുന്നത്. മക്കളുടെ വിദ്യാഭ്യാസം, വിവാഹം, അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾ എന്നിവ മുൻകൂട്ടി കണ്ട് ഇന്നുതന്നെ ഈ ഡെപ്പോസിറ്റ് ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതിനുമായി സൊസൈറ്റി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. **Toll-free: 1800 313 1223**

നിങ്ങളുടെ സമ്പാദ്യം എങ്ങനെ വളരുന്നു എന്നറിയാൻ താഴെ പറയുന്ന ഉദാഹരണം ശ്രദ്ധിക്കൂ:
പ്രതിമാസം 500 രൂപ വെച്ച് നിക്ഷേപിച്ചാൽ കാലാവധിയായ 1 വർഷം കഴിയുമ്പോൾ നിങ്ങൾക്ക് 6,266 രൂപ സ്വന്തമാക്കാം

എന്ന് നിങ്ങളുടെ സ്വന്തം,
ജിസ്സോ ബേബി

## RECURRING DEPOSIT

Sample Chart — Amount in Rupees

| Instalment Amount | DHAN LAKSHYA 1<br>1 Year @ 8% | | DHAN LAKSHYA 2<br>2 Year @ 8.5% | | DHAN LAKSHYA 3<br>3 Year @ 9% | | DHAN LAKSHYA 5<br>5 Year @ 9.5% | |
|---|---|---|---|---|---|---|---|---|
| | Total Investment | Maturity Amount | Total Investment | Maturity Amount | Total Investment | Maturity Amount | Total Investment | Maturity Amount |
| 1,000 | 12,000 | 12,533 | 24,000 | 26,245 | 36,000 | 41,461 | 60,000 | 77,027 |
| 2,000 | 24,000 | 25,066 | 48,000 | 52,490 | 72,000 | 82,923 | 1,20,000 | 1,54,055 |
| 5,000 | 60,000 | 62,665 | 1,20,000 | 1,31,225 | 1,80,000 | 2,07,307 | 3,00,000 | 3,85,136 |

# FROM THE DESK OF CEO



**New Year, New Savings Resolutions,**

As we step into the New Year, I invite every member to renew their commitment toward disciplined and purposeful savings.

In an uncertain financial environment, strong savings habits are the foundation of long-term security and growth.

At Malankara Credit Society, we remain committed to safeguarding members' wealth while delivering superior value.

Our deposit products are thoughtfully designed to offer attractive interest rates, stable returns, and absolute transparency.

We believe that higher returns on savings are not just a benefit, but a responsibility toward our members. By choosing Malankara, you partner with a cooperative that prioritizes trust, performance, and member prosperity.

This year, let us convert income into enduring assets through structured and consistent savings. Every deposit strengthens not only your future, but also the collective strength of our cooperative movement.

Together, we will continue building financial resilience across families, enterprises, and communities.

I wish all our members a year of growth, security, and meaningful financial progress.

With warm regards,

**Sivaprakash.P**
**Dy CEO, Malankara Credit Society**

# MY EXPERIENCES WITH TRAVEL

## സിലിഗുരി മുതൽ ഡാർജിലിംഗ് വരെ

കൊൽക്കത്തയിലെ രണ്ടു വർഷത്തെ ജീവിതം അവസാനിപ്പിച്ച്, പ്രൊമോഷനോടെ മുംബൈയിലെ ഓഫീസിലേക്ക് തിരികെ പോകാൻ തയ്യാറെടുക്കുമ്പോഴാണ് പെട്ടെന്ന് കണ്ടുതീർക്കേണ്ട ചില സ്ഥലങ്ങളെക്കുറിച്ച് ഓർത്തത്. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു സിലിഗുരി ഡാർജിലിംഗ് യാത്ര. ആ യാത്രയെക്കുറിച്ചാണ് ഈ കുറിപ്പ്.

യാത്രയുടെ തുടക്കം ഹൗറ സ്റ്റേഷനിൽ നിന്നും 'ഡാർജിലിംഗ് മെയിലിൽ' ഒൻപത് മണിക്കൂർ യാത്ര ചെയ്താണ് സിലിഗുരിയിൽ എത്തിയത്. യാത്രയ്ക്കിടയിൽ ട്രെയിൻ കടന്നുപോകുന്നത് ഇന്ത്യയുടെ തന്ത്രപ്രധാനമായ 'ചിക്കൻസ് നെക്ക്' (Chicken's Neck) എന്നറിയപ്പെടുന്ന സിലിഗുരി കോറിഡോറിലൂടെയാണ്. ബംഗാളിനെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ ചെറിയ പ്രദേശം നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു.

മലനിരകളുടെ റാണിയിലേക്ക് ന്യൂ ജൽപൈഗുരി (NJP) സ്റ്റേഷനിൽ നിന്ന് ടാക്സിയിൽ അഞ്ച് മണിക്കൂർ യാത്ര ചെയ്താണ് ഡാർജിലിംഗിലെത്തിയത്. ഹിമാലയത്തിന്റെ താഴ്‌വരയിൽ ഏതാണ്ട് 7,000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സുന്ദരമായ പ്രദേശം! ഊട്ടിയുടെ പ്രകൃതിഭംഗിയും കശ്മീരിലെ കാലാവസ്ഥയും ഒത്തുചേർന്നൊരിടം എന്ന് ഡാർജിലിംഗിനെ വിശേഷിപ്പിക്കാം. ഹോട്ടലിലെ വിശ്രമത്തിന് ശേഷം ഞങ്ങൾ കാഴ്ചകൾ കാണാനിറങ്ങി.



Japanese peace pagoda







Kangchenjunga



Himalayan sunrise






Darjeeling zoo



Himalayan Tahr



Budha statue- pagoda

ജാപ്പനീസ് പഗോഡ: മലമുകളിൽ വെള്ളിനക്ഷത്രം പോലെ തിളങ്ങിനിൽക്കുന്ന ഒരു ബുദ്ധക്ഷേത്രമാണിത്. ബുദ്ധന്റെ വലിയ പ്രതിമകൾ ഇവിടെ കാണാം. അവിടെ നിന്നുള്ള കാഴ്ചയിൽ അങ്ങകലെ ഹിമാലയത്തിലെ മഞ്ഞുമൂടിയ കൊടുമുടികൾ ദൃശ്യമാണ്.

പത്മജ നായിഡു മൃഗശാല: ഇവിടെ പ്രധാനമായും കണ്ടത് ഹിമാലയൻ താർ (Himalayan Tahr) എന്ന മൃഗത്തെയാണ്. കൂടാതെ ഹിമാലയത്തിൽ മാത്രം കാണപ്പെടുന്ന അപൂർവ്വ പക്ഷികളെയും ഇവിടെ കാണാം.

ബട്ടാസിയ ലൂപ്പ് (Batasia Loop): വളഞ്ഞുപുളഞ്ഞു പോകുന്ന റെയിൽപ്പാതയാണ് ഇവിടുത്തെ പ്രത്യേകത. ഇവിടെയുള്ള ഗൂർഖാ വാർ മെമ്മോറിയലും പ്രശസ്തമാണ്. ഇവിടെ നിന്ന് നോക്കിയാൽ കഞ്ചൻജംഗ പർവ്വതനിരകളുടെ മനോഹരമായ കാഴ്ച ലഭിക്കും. രാത്രിയിൽ ടൗണിലൂടെ വെറുതെ നടന്നും സ്വാദിഷ്ടമായ നോർത്ത് ഇന്ത്യൻ വിഭവങ്ങൾ കഴിച്ചും ആ ദിവസം ആസ്വദിച്ചു.

ടൈഗർ ഹില്ലിലെ സൂര്യോദയം: അടുത്ത ദിവസം പുലർച്ചെ തന്നെ ഞങ്ങൾ ടൈഗർ ഹില്ലിലേക്ക് തിരിച്ചു. ഹിമാലയത്തിലെ സൂര്യോദയം കാണുക എന്നതായിരുന്നു ലക്ഷ്യം. സൂര്യൻ സാവധാനം ഉയർന്നു വന്നപ്പോൾ ഹിമാലയൻ നിരകളും ആകാശവും വിസ്മയകരമായ നിറങ്ങളാൽ തിളങ്ങി. ആ കാഴ്ച വാക്കുകൾക്ക് അതീതമായിരുന്നു. അവിടെ നിന്ന് കഞ്ചൻജംഗ കൊടുമുടിയും മൗണ്ട് എവറസ്റ്റും കാണാൻ സാധിക്കും.

നല്ലൊരു യാത്രാനുഭവവുമായി തിരികെ കൊൽക്കത്ത ഹൗറ സ്റ്റേഷനിലെത്തി. ഇനി മറ്റൊരു യാത്രയ്ക്കായുള്ള തയ്യാറെടുപ്പിലാണ്...

**ഹൃദയപൂർവ്വം**
**എ.ഐ. ജെയിംസ്**





**A I JAMES**
BCOM, CAIIB,
ICMA, ACS
**GM Credit**


---


**ഇത്തരത്തിലുള്ള യാത്രകൾ നമ്മുടെ ശരീരത്തെയും മനസ്സിനെയും ശാന്തമാക്കും.**
മലകൾ, കായലുകൾ, കടലോരങ്ങൾ, വെള്ളച്ചാട്ടങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ, വൈവിധ്യമാർന്ന സംസ്കാരങ്ങൾ എന്നിവയാൽ സമ്പന്നമാണ് നമ്മുടെ ഭൂമി.
നിലവിൽ, നമ്മുടെ ബിസിനസ് കറസ്പോണ്ടന്റായ 'ബൊച്ചെ ടൂർസ് ആൻഡ് ട്രാവൽസ്' വഴി അന്താരാഷ്ട്ര (International), ആഭ്യന്തര (Domestic) യാത്രകൾ ഏറ്റവും മികച്ച രീതിയിൽ ആസൂത്രണം ചെയ്ത് നടത്തുന്നുണ്ട്.
ഈ മനോഹരമായ കാഴ്ചകൾ മിതമായ നിരക്കിൽ ആസ്വദിച്ചുകൊണ്ട് സന്ദർശിക്കുന്നതിനായി ബോച്ചെ ടൂർസ് & ട്രാവൽസ് പ്രൈവറ്റ് ലിമിറ്റഡിനെ (Boche Tours & Travels Pvt Ltd) സമീപിക്കുക.
Contact Number: 81570 23456, 81570 23457

## അവൾ

ഇരുണ്ട ആകാശത്തെ ഭംഗിയാക്കുന്നത്
നക്ഷത്രങ്ങളാണെങ്കിൽ,
നിന്നെ ഭംഗിയാക്കുന്നത് നിന്റെ
പുഞ്ചിരിയാണ് പെണ്ണേ...
ഒരു പെരുമഴക്കാലത്ത് കൂടെ കുടിയവൻ
നിന്നെ വിട്ടിട്ടു വിട്ടുപോയെങ്കിലും
നീ ഒന്നു മനസ്സിലോർക്കുക
കാലം തെറ്റി പെയ്ത മഴ അവസാനിച്ചാലും
ഒരു പെരുമഴക്കാലം ബാക്കിയെന്ന്
കരുമഷിയെഴുതിയ നിന്റെ മിഴികളെ
വർണ്ണിക്കാൻ ഇന്നുമെന്റെ തൂലികയിൽ വാക്കുകളില്ല
ഇരുണ്ട ആകാശത്ത് കത്തിജ്വലിച്ച സൂര്യനെ പോൽ
നീ ഉദിച്ചു നിൽക്കാൻ, സമയം ഇനിയും ബാക്കിയാണ്
ഒരു പുഴയും വറ്റി വരണ്ട് കാലങ്ങളാൽ മൂടുകയില്ല
ഒരു പുഴയും മഴത്തുള്ളികളാൽ നിറയാതെ
നിൽക്കുകയുമില്ല ...





**VISHNU**
CALICUT

## കളിപ്പാട്ടം

ഇരുളടഞ്ഞൊരാട്മഘട്ടത്തിൽ,
ഇളകി നീങ്ങും നക്ഷത്രഗണത്തിൽ,
കൊതിയോടെ ഞാൻ നോക്കിയിടുമ്പോൾ,
കൊട്ടാരങ്ങൾ പോലെ തോന്നും ലോകം.
ചിലർ കയ്യിൽ കളിപ്പാട്ടവുമായി,
ചിലർ തീവണ്ടി – പാവകളുമൊത്തു,
ചിരിച്ചോടും കൂട്ടത്തിലെപ്പുറം,
ചിറകില്ലാതെ ഞാൻ ഒറ്റയായ്.
ആകാശംപോലെ ഉയർന്നൊരാശ,
ബലൂണായി മോഹം പറന്നു പോയി.
ചന്ദ്രൻ പോലെ തെളിയുന്നൊരു കാർ,
കൈകളിൽ വന്നില്ല, സ്വപ്നമായി.
കരളിലുണർന്ന അഗ്നിപർവ്വതം,
കിനാവുകളായ് പിളർന്നൊഴുകുമ്പോൾ,
കൈകൾ ശൂന്യമാം വിധിയിൽ കരഞ്ഞ്,
കണ്ണുനീരായ് ഞാൻ മങ്ങിയിടുന്നു.
കാലമേ, നീയോ കരുണ തോന്നുമോ?
കുഞ്ഞിൻ മോഹം കൈവരുത്തുമോ?
ബാല്യം നഷ്ടമാകാതെ പോകാൻ,
കളിപ്പാട്ടം തരുമോ, ദയവായി?





**VIDYA S**
RO, BALARAMAPURAM

## ആശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി ഇരിഞ്ഞാലക്കുട
സിഎഫ്സിയിലെ മെമ്പറായ റഷീദയുടെ മകന്റെ
വിവാഹത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി അങ്കമാലി
സിഎഫ്സിയിലെ മെമ്പറായ മിനിയുടെ
ഗൃഹപ്രവേശനത്തിനു സൊസൈറ്റിയുടെ ആശംസകൾ

# ലഹരിക്കെതിരെ ക്രിക്കറ്റ് ലഹരി

ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ സാമൂഹിക മാനസിക വെല്ലുവിളികളിലൊന്നാണ് വർധിച്ചുവരുന്ന ലഹരി ഉപയോഗം. കഞ്ചാവും മദ്യവും മയക്കുമരുന്നും ഒരു വ്യക്തിയുടെ ജീവിതയാത്രയെ പൂർണ്ണമായും മാറ്റിമറിക്കുകയും, അതിനോടൊപ്പം കുടുംബത്തെയും സമൂഹത്തെയും ആഴത്തിൽ ബാധിക്കുകയും ചെയ്യുന്ന അപകടകരമായ ഒരു പ്രവണതയാണ് . വിസ്തൃതി കൊണ്ട് ചെറിയ സംസ്ഥാനമാണെങ്കിലും 'പ്രബുദ്ധ കേരളം' എന്നാണ് നാം അഭിമാനത്തോടെ കേരളത്തെ വിശേഷിപ്പിക്കുന്നത്. എന്നാൽ കേരളത്തിന്റെ സാമൂഹിക സുസ്ഥിരതയെയും പൊതുജനാരോഗ്യത്തെയും ഉൽപ്പാദനക്ഷമതയെയും സാമ്പത്തിക വളർച്ചയെയും ഒക്കെ ബാധിക്കുന്ന തരത്തിൽ വലിയ വെല്ലുവിളിയാണ് മലയാളിയുടെ ലഹരി ഉപയോഗം ഉയർത്തുന്നത്. ഇത് മോഷണം, പീഡനം, കൊലപാതകം തുടങ്ങിയ ഭീകരമായ കുറ്റകൃത്യങ്ങളിലേക്കാണ് ചെന്നെത്തുന്നത്.

മിക്കവരും ഒരു കൗതുകം മൂലമാണ് ലഹരി ഉപയോഗിച്ച് തുടങ്ങുന്നതെങ്കിലും പിന്നീട് അതൊരു ഭ്രാന്തമായ ആവേശമായി മാറുന്നു. ലഹരിയില്ലാതെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥ അത്യന്തം ഭീകരമാണ്. ഇത് കുടുംബങ്ങളിൽ കലഹങ്ങൾ വർധിക്കാനും മാതാപിതാക്കളുമായുള്ള ബന്ധങ്ങൾ തകരാനും കാരണമാകുന്നു.

കഞ്ചാവിനും മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്ന വിദ്യാർത്ഥികളടങ്ങുന്ന യുവജനത, മാറാരോഗങ്ങൾ ക്ഷണിച്ചുവരുത്തുക മാത്രമല്ല, ലക്ഷ്യബോധമോ മൂല്യബോധമോ ഇല്ലാത്ത ഒരു തലമുറയായി മാറുകയും ചെയ്യുന്നു. ലഹരിക്ക് അടിമപ്പെട്ടു പോയവർക്ക് അതിൽ നിന്നും മോചനം നേടുക എന്നത് വളരെ പ്രയാസകരമാണ്. ഈ വലയിൽ പെടുന്നവർ ജന്മം നൽകിയ മാതാപിതാക്കൾക്കെതിരെ പോലും തിരിയുന്ന വാർത്തകൾ അത്യന്തം ഞെട്ടിപ്പിക്കുന്നതാണ്. കഴിഞ്ഞ ദിവസം ആലപ്പുഴ ജില്ലയിൽ ഒരു യുവ അഭിഭാഷകൻ അച്ഛനെ വെട്ടിക്കൊല്ലുകയും അമ്മയെ മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവത്തിന് കാരണമായത് ലഹരി ഉപയോഗമാണ്. മാതാപിതാക്കൾ ചോദ്യം ചെയ്തതിൽ പ്രകോപിതനായാണ് അയാൾ ഇത് ചെയ്തത്. 'പത്തുമാസം ചുമന്നു പ്രസവിച്ചു' എന്ന അമ്മയുടെ അവകാശവാദങ്ങൾക്ക് ഇനിയുള്ള കാലത്ത് പ്രസക്തിയുണ്ടോ എന്ന് പോലും തോന്നിപ്പോകുന്നു. 'ഒരിക്കലും പ്രസവിക്കാത്ത വന്ധ്യേ, പാടിയാർക്കുക, പ്രസവവേദന അനുഭവിക്കാത്തവളേ, ആഹ്ലാദത്തോടെ കീർത്തനമാലപിക്കുക' (ഏശയ്യാ 54:1) എന്ന ബൈബിൾ വചനം ഇവിടെ ഓർത്തുപോകുന്നു.

വർധിച്ചുവരുന്ന ലഹരി ഉപയോഗം ചെറുക്കാൻ കുടുംബവും വിദ്യാഭ്യാസ സ്ഥാപനങ്ങളും സമൂഹവും കൂടുതൽ ഉണർന്നു പ്രവർത്തിക്കണം. കുട്ടികളുടെയും കൗമാരക്കാരുടെയും കൂട്ടുകെട്ടുകളെപ്പറ്റിയും അവർ സമയം ചെലവഴിക്കുന്ന ഇടങ്ങളെപ്പറ്റിയും മുതിർന്നവർ അറിഞ്ഞിരിക്കണം. രക്ഷകർത്താക്കളുടെ നിയന്ത്രണമില്ലായ്മ, ആവശ്യത്തിലേറെ പണം നൽകുന്നത്, ഉത്തരവാദിത്തമില്ലായ്മ എന്നിവയാണ് പുതിയ തലമുറയിലെ ദുശീലങ്ങൾക്ക് പ്രധാന കാരണം. ലഹരിയെന്ന വിഷത്തെ പിഴുതെറിയാൻ നിയമങ്ങൾ കൂടുതൽ ശക്തമാക്കണം. കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കണം. ലഹരിമുക്തമായ ഒരു നാളെക്കായി നമുക്കൊന്നിച്ചു പ്രവർത്തിക്കാം.




**LISNA JAMES**
DEPUTY MANAGER - CCRD
THRISSUR


## ലഹരിക്കെതിരെ നമുക്കൊരുമിച്ച് പോരാടാം










## CHAIRMAN'S EVER ROLLING TROPHY
## BEST BRANCH FOR THE MONTH OF DECEMBER 2025

MALANKARA CREDIT SOCIETY LTD
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

## പാചക രംഗം

# ഉണ്ണിയപ്പം



MARIYAMA PIOUS
Vice -Chairman

### ചേരുവകൾ

ഗോതമ്പ്പൊടി/ ആട്ട -1 KG
ശർക്കര - 1 KG
അരിപ്പൊടി ( വറുത്തത് ) -1 ഗ്ലാസ്
റവ - 1 ഗ്ലാസ്
നാളികേരം - 1 എണ്ണം
ഏലക്ക - 10 എണ്ണം
ഉപ്പ് - പാകത്തിന്
വെളിച്ചെണ്ണ - 1/2 KG
നെയ്യ് - 1 ടേബിൾ സ്പൂൺ



### തയ്യാറാകുന്ന വിധം

അരിപ്പൊടി ചൂടാറാൻ വയ്ക്കുക. ശർക്കര ഉരുക്കി അരിച്ച് ചൂടാറാൻ വയ്ക്കുക. റവ കുതിർത്താൻ വയ്ക്കുക. നാളികേരം ചെറിയ കഷണങ്ങളാക്കി നെയിൽ വറുത്ത് വെക്കുക. ഏലക്ക പൊടിച്ചു വയ്ക്കുക. ഇനി ഇതെല്ലാം (നാളികേരം ഒഴിവാക്കി) കൂടെ ഗോതമ്പുപൊടിയിൽ ചേർത്ത് യോജിപ്പിക്കുക. അതിനുശേഷം കുറേശ്ശെ മാവ് മിക്സിയിലിട്ട് കുറച്ചു വീതം വെള്ളം ചേർത്ത് അടിച്ചെടുക്കുക. എല്ലാം അടിച്ചെടുത്ത ശേഷം അതിലേക്ക് വറുത്തു വെച്ച നാളികേരം ചേർക്കുക. രാത്രിയിൽ ഇത് തയ്യാറാക്കി കഴിഞ്ഞാൽ, രാവിലെ ഉണ്ണിയപ്പം ഉണ്ടാക്കാം.





**KRISHNATHEERTHA P S**
THRISSUR






**AKHIL KG**
KARUMATHRA





**ADITH SUNIL UTTOLY**
AMBALLUR





**PRAMOD**
THALASSERY


# Congratulations

## BUSINESS CORRESPONDENT (BC)

### PERSONAL LOAN



**NIDHEESH JOSE**
**6.44 LAKHS**



**NAVEEN N**
**6.24 LAKHS**



**SNEHIN M G**
**6.07 LAKHS**

### VEHICLE LOAN VL4 WHEELER



**SARITH. K**
**5.71 LAKHS**

## CREATIVE EXPRESSIONS BY MALANKARA FAMILY





**SREEVEDHA NIKHIL**
ERNAKULAM




**AADYA SAN**
KOZHIKODE



# Happy Birthday

## MALANKARA STAFF


SREEJITH


BISMI


VIDHYA


AMAL


DINS


SWETHA


VISHNU PRAKASH


SHIFANA


AJIN


ABHIJITH


YADHU


SARAVANAKUMAR


NEETHU


MONCY


KRISHNA KUMARI A S


ANUSH


MOHAMED THOWFIK


SYAMA M S


SANJAY KUMAR

## INDUCTION TRAINING CONDUCTED FOR THE NEW STAFF


LEFT TO RIGHT BOTTOM 1) Vishnu M P 2) Althaf Jaleel 3) Sajitha M D LEFT TO RIGHT TOP 1) Asarf M 2) Sinoj K S 3) Neethu Gopi 4) Sandhya G S 5) Reshma S 6) Thushara V M 7) Chris Pauly 8) Mohamed Thowfik R


LEFT TO RIGHT BOTTOM 1) Rasika A B 2) Sangeetha P C 3) Ajin S C 4) Vishnu P R LEFT TO RIGHT TOP 1)Adham Antony 2) Vijay Krishna p 3) Dhanush P 4) Rajesh R 5) Kalyan Krishna

## DEPOSIT PRODUCTS TOP PERFORMERS FOR DECEMBER 2025 ASSIST TO MEMBER (AM)



**SNEHA K**
13.98 LAKHS



**THANKACHEN P P**
10.82 LAKHS




**SAYUJ R KRISHNA**
9.99 LAKHS

## DEPOSIT PRODUCTS ACHIEVERS FOR DECEMBER 2025 (MALANKARA STAFF)



**PREETHA G D**
AREA MANAGER
TRIVANDRUM
13.09 LAKHS



**SHIBU K C**
CHIEF MANAGER
OPERATIONS
THRISSUR
6 LAKHS



**GOPALAKRISHNAN NAIR C P**
DEPUTY MANAGER VIGILANCE
ERNAKULAM
5.50 LAKHS

## നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു. നിങ്ങളുടെ കലാസൃഷ്ടികൾ 95621 97162 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

**ഇമാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ**



JISHNU SANTHOSH
TRIKUR



ASWIN P S
VENGINISSERY



NEETHU JOSE
THRISSUR